**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5668** **24-03-2025 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിലെ സപ്ലൈകോയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരളത്തിലുടനീളമുള്ള സപ്ലൈകോയുടെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ പൊതുവിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.<br><br>സ്റ്റോക്കിലെ കുറവ്, കളക്ഷൻ തുക അടവുവരുത്തുന്നതിലെ കുറവ്/കാലതാമസം, വിൽപ്പന വിലയിലെ വ്യത്യാസം, പർച്ചേസ് വാല്യൂവിലെ വ്യത്യാസം, കാലിച്ചാക്ക് വിൽപ്പനയിലെ തുക അടവാക്കാതിരിക്കുന്നത്, സ്റ്റോക്ക് വരവ് വെച്ചതിലെ വ്യത്യാസം, ഇംപ്രസ്റ്റ് അക്കൗണ്ട് സെറ്റിൽ ചെയ്യാതിരിക്കൽ/ക്രമക്കേടുകൾ, ദിവസവേതനം നൽകുന്നതിൽ വരുന്ന ക്രമക്കേടുകൾ, ഭക്ഷ്യധാന്യങ്ങളുടെ നാശനഷ്ടങ്ങൾ, പർച്ചേസ് റിട്ടേണിലെ ക്രമക്കേട്, സബ്സിഡി സാധനങ്ങളുടെ അധികവിതരണം, പാക്കിംഗ് ചാർജ്ജിലെ ക്രമക്കേട്, ലോക്കൽ പർച്ചേസിലെ ക്രമക്കേടുകൾ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**സപ്ലൈകോ സ്ഥാപനങ്ങൾ മേൽക്കാലയളവിലെ ഓഡിറ്റുകളുടെ എണ്ണം**<br><br>മാവേലി സ്റ്റോർ 60<br><br>സൂപ്പർ മാർക്കറ്റ് 68<br><br>മെഡിക്കൽ സ്റ്റോർ 12<br><br>ഡിപ്പോ 46<br><br>പെട്രോൾ ബങ്ക് 16<br><br>സപ്ലൈകോ റീജിയണൽ മെഡിക്കൽ ഡിവിഷൻ 4<br><br>എൻ.എഫ്.എസ്.എ. 33<br><br>**ആകെ 239** |

| | | | |
|---|---|---|---|
| (ബി) | മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സപ്ലൈകോയുടെ വിവിധ ഔട്ട് ലെറ്റുകളിൽ ഓഡിറ്റ് നടത്തി, സമർപ്പിച്ച മേൽ റിപ്പോർട്ട് പ്രകാരമുള്ള ക്രമക്കേടുകളിൽ ഉത്തരവാദിയായ എല്ലാ ജീവനക്കാർക്കും എതിരെ അച്ചടക്കനടപടി എടുക്കുകയും 18% പലിശ സഹിതം ബാധ്യത ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. മേൽ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ 15 ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും ഒരാളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുകയും 13 ജീവനക്കാർക്ക് എതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുകയും 7 ജീവനക്കാർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ